അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൂടിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ജനങ്ങൾക്കിടയിൽ എത്തിക്കുവാൻ നമ്മൾ ബാധ്യസ്ഥരാണ്. അതുകൊണ്ട് അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന പന്മന ആശ്രമം തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുകയും അതോടൊപ്പം അദ്ദേഹത്തിന്റെ ജയന്തി ദിവസം തിരുവനന്തപുരത്ത് ആറാട്ട് ദിവസം കൊടുക്കുന്നതുപോലുള്ള പ്രാദേശിക അവധിയോ ഉച്ചയ്ക്കുശേഷമുള്ള അവധിയോ പ്രഖ്യാപിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ചട്ടമ്പി സ്വാമികളുടെ സംഭാവനകളെ കേരളം അങ്ങേയറ്റം ആദരവോടെയാണ് കാണുന്നത്. പക്ഷേ ആത്മീയാചാര്യന്മാരുടെ സമാധികൾ സ്ഥിതിചെയ്യുന്ന പുണ്യ സങ്കേതങ്ങൾ ജനങ്ങളാണ് ആരാധനാകേന്ദ്രമായി കാത്തു സൂക്ഷിക്കാറുള്ളത്. വിശേഷ ദിവസങ്ങളും ഉൽസവങ്ങളും പ്രമാണിച്ച് ഇപ്പോൾ നൽകിവരുന്ന അവധിക്കുപുറമെ പുതുതായി അവധി അനുവദിക്കേണ്ടതില്ലെന്നാണ് സർക്കാരിന്റെ നിലവിലുള്ള നയം.

(7) പമ്പിംഗിനാവശ്യമായ വൈദ്യുതി കണക്ഷൻ നൽകാത്തതുമൂലം നെൽകൃഷിക്കാർ നേരിടുന്ന പ്രതിസന്ധി

ഡോ. കെ. സി. ജോസഫ്: സർ, നെൽകൃഷിക്കാവശ്യമുള്ള വൈദ്യുതിച്ചെലവ് പൂർണ്ണമായും സൗജന്യമാണ്. വെള്ളം വറ്റിക്കുന്നതിനാവശ്യമായ വൈദ്യുതിയുടെ ചെലവ് ഗവൺമെന്റാണ് വഹിക്കുന്നത്. ഇപ്പോൾ കൃഷി വകുപ്പ് വൈദ്യുതി വകുപ്പിന് ഈ തുക നൽകുന്നില്ലെന്ന് പറഞ്ഞ് കുട്ടനാട്ടിലും തൃശ്ശൂരിലെ കോൾ നിലങ്ങളിലുമൊക്കെ ഇങ്ങനെ വെള്ളം വറ്റിക്കുന്നതിനുള്ള വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിരിക്കുകയാണ്. ഇപ്പോൾ പ്രധാനപ്പെട്ട കൃഷി സീസനാണ്. ഇപ്പോഴേ വൈദ്യുതി കണക്ഷൻ കൊടുത്ത് വെള്ളം വറ്റിച്ചാൽ മാത്രമേ പുഞ്ച സീസണിൽ കൃഷി ചെയ്യാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ആ പ്രതിസന്ധി പരിഹരിച്ച് കൃഷി ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ഈ വിഷയം സംബന്ധിച്ച് ശ്രീ. കെ. കെ. ഷാജുവും സബ്മിഷൻ ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, പരിധിയില്ലാതെ നെൽകൃഷിക്കും രണ്ടേക്കർ വരെയുള്ള മറ്റ് കൃഷികൾക്കും സൗജന്യമായി വൈദ്യുതി കൊടുക്കുന്നുണ്ട്. അതിനുവേണ്ടി മൊത്തം വേണ്ടിവരുന്നത് 17 കോടി രൂപയാണ്. ഓരോ കൊല്ലവും 17 കോടി രൂപ ആവശ്യമാണ്. ബഡ്ജറ്റിൽ 3 കോടി രൂപയാണ് വകയിരുത്താറുള്ളത്. ഇപ്പോൾ നാൽപ്പതിലധികം കോടി രൂപയുടെ കുടിശ്ശികയുണ്ട്. കഴിഞ്ഞ കൊല്ലവും ബഡ്ജറ്റിലുള്ള തുകയ്ക്കു പുറമേ 5 കോടി രൂപ ഉൾക്കൊള്ളിച്ച് ആ കണക്ഷൻ നിലനിർത്തി. ഇപ്രാവശ്യവും ബഡ്ജറ്റിലുള്ള രൂപ വിതരണം ചെയ്തു കഴിഞ്ഞു. അഞ്ചുകോടി രൂപ കിട്ടുന്നതിനാവശ്യമായ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

എടുക്കുന്നുണ്ട്. അത് കിട്ടിക്കഴിഞ്ഞാൽ ഉടനെതന്നെ കൊടുക്കുന്നതാണ്. കൃഷിയുടെ സമയമാകാൻ പോകുകയാണ്. അതുകൊണ്ട് അതിനാവശ്യമായ നടപടിയെടുക്കാം.

(8) സംസ്ഥാന ബാംപൂ കോർപ്പറേഷന്റെ കീഴിലുള്ള തൊഴിലാളികൾ നേരിടുന്ന പ്രയാസങ്ങൾ

ശ്രീ. പി. ജെ. ജോയി: സർ, സംസ്ഥാന ബാംപൂ കോർപ്പറേഷന്റെ കീഴിലുള്ള ഡിപ്പോകളിൽ ഈറ്റ ലഭ്യമല്ലാത്തതുമൂലം പനമ്പ് നെയ്യുന്ന തൊഴിലാളികൾ ഇന്ന് പട്ടിണിയിലാണ്. ഡിപ്പോകളിൽ ഇപ്പോൾ ബാംപൂ കോർപ്പറേഷൻ മാനേജ്മെന്റ് ഈറ്റ എത്തിച്ചു കൊടുക്കാത്ത സാഹചര്യത്തിൽ തൊഴിലാളികൾക്ക് ഒരു മാസത്തെയെങ്കിലും സൗജന്യ റേഷൻ അനുവദിക്കണമെന്നുള്ള ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഈകാര്യത്തിൽ മുഖ്യമന്ത്രി മുൻകയ്യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ഇത് സംബന്ധിച്ച് ശ്രീ. മാങ്കോട് രാധാകൃഷ്ണനും സബ്മിഷൻ ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രയാസമുള്ള കാര്യമാണ്. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർ വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഈറ്റയ്ക്ക് ഇടപൊട്ടുന്നതുകൊണ്ട് വനത്തിൽനിന്നു ഈറ്റ ശേഖരിക്കാൻ വനം വകുപ്പ് അനുവദിക്കാറില്ല. എന്നാൽ ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ബുദ്ധിമുട്ട് പരിഗണിച്ച് വനം വകുപ്പിൽ നിന്ന് ബാംപൂ കോർപ്പറേഷൻ പ്രത്യേക അനുമതി വാങ്ങി ഈറ്റ ശേഖരിച്ച് തൊഴിലാളികൾക്ക് വിതരണം ചെയ്തു വരുന്നു. ലോറി സമരം കാരണം ഈറ്റ ട്രാൻസ്പോർട്ടിംഗിന് ബുദ്ധിമുട്ട് വന്നെങ്കിലും സമരം തീരുന്ന മുറയ്ക്ക് ഈറ്റ ട്രാൻസ്പോർട്ടിംഗ് ആരംഭിച്ച് ഡിപ്പോകളിലേക്ക് എത്തിച്ചു തുടങ്ങിയിട്ടുണ്ട്. പത്തനംതിട്ട, റാന്നി എന്നിവിടങ്ങളിൽ നിന്നും ലഭിച്ചിരുന്ന ഈറ്റ ഇടയ്ക്ക് പൂത്തുപോയതിനാൽ ഈറ്റയ്ക്ക് ക്ഷാമം നേരിട്ടു. അതുകൊണ്ട് അടിമാലി, പൂയാംകുട്ടി എന്നിവിടങ്ങളിൽനിന്നും ഈറ്റ ശേഖരിച്ച് തിരുവനന്തപുരം മേഖലയിലുള്ള ഡിപ്പോകളിൽ എത്തിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സൗജന്യ റേഷൻ കൊടുക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(9) കടയ്ക്കൽ 33 കെ. വി. സബ് സ്റ്റേഷന്റെ പണി പൂർത്തീകരിക്കുന്നത് സംബന്ധിച്ച്

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, കടയ്ക്കൽ 33 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ട് നാല് വർഷമായി. എന്റെ നിയോജക മണ്ഡലത്തിലെ കടയ്ക്കൽ, ചിതറ, ഇട്ടിവ, നിലമേൽ പഞ്ചായത്തുകളിലെ ഇരുപത്തി

LIBRARY ARCHIVES Kerala Legislative Assembly